പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .1871

22.03.2012-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷാപദ്ധതികൾ

**ചോദ്യം** | **മറുപടി**

| | | | |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്ത സാഹചര്യത്തിൽ, പരിക്കേറ്റവർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 15.02.12 ന് ഇറ്റാലിയൻ കപ്പലിലെ സുരക്ഷാ ഭടൻമാരുടെ വെടിയേറ്റ് മരണപ്പെട്ട ശ്രീ.അജീഷ് പിങ്കു, ശ്രീ.വാലൻൈറൻ എന്ന ജലസ്റ്റിൻ എന്നിവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>കൊല്ലം മൂദാക്കര സ്വദേശി ശ്രീ.വാലൻൈറൻ എന്ന ജലസ്റ്റിന്റെ വിധവ ശ്രീമതി. ഡോറസ്സ് ഫിഷറീസ് വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റായി ജോലി നൽകുവാൻ ഉത്തരവായിട്ടുണ്ട്.<br>01.03.2012 ന് ആലപ്പുഴ-ചേർത്തല ഭാഗത്ത് മത്സ്യബന്ധന ബോട്ടിൽ ചരക്ക് കപ്പൽ ഇടിച്ച് മരണപ്പെട്ട കൊല്ലം സ്വദേ ശികളായ ശ്രീ.ജസ്റ്റിൻ, ശ്രീ.സേവ്യർ, ശ്രീ.ബർണാഡ്, ശ്രീ.സന്തോഷ്, ശ്രീ.ക്ലീറ്റസ് എന്നിവരുടെ ആശ്രിതർക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5000/- രൂപ വീതം, അടിയന്തിര ധനസഹായമായി നൽകിയിട്ടുണ്ട്. പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞ ശ്രീ.മൈക്കിൾ, ശ്രീ.ജോസഫ് എന്നിവർക്ക് ചികിത്സാധനസഹായമായി 5000/- രൂപ വീതവും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം മുൻകരുതലും സുരക്ഷാ പദ്ധതികളുമാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | യന്ത്രവൽകൃത ബോട്ടുകൾക്ക് റേഡിയോ ബീക്കൺ, പരമ്പരാഗത ബോട്ടുകൾക്ക് റേഡിയോബീക്കൺ, റഡാർ റിഫ്ളക്ടർ എന്നീ സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കേരള തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നു. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർ കടലിൽ പാലിക്കേണ്ട നിയമങ്ങളെയും മര്യാദകളെയും കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

Jaya

സെക്ഷൻ ഓഫീസർ